**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 396** **29-01-2024 - ൽ മറുപടിയ്ക്ക്**

**ബിവറേജസ് കോർപ്പറേഷന്റെ വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2022-23 നെ അപേക്ഷിച്ച് 2023-24-ൽ ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | കുറവ് വന്നിട്ടില്ല. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തും കോസ്റ്റൽ ടൂറിസം മേഖലകളിലും മയക്കുമരുന്ന് വ്യാപനം തടയുന്നതിന് വേണ്ടി പരിശോധന ശക്തമാക്കുന്നതുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് മഫ്ടി നിരീക്ഷണവും ബൈക്ക് പട്രോളിംഗും ശക്തമാക്കിയിട്ടുണ്ട്. സ്കൂളുകളിലും കോളേജുകളിലും രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകൾ , NSS, PTA, SMC എന്നിവയുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. തീരദേശ മേഖലകളിൽ തീരദേശ പോലീസുമായി ചേർന്ന് കടലിലും തീരപ്രദേശങ്ങളിലും സംയുക്ത പരിശോധനകളും കൂടാതെ തീരപ്രദേശങ്ങളിൽ രൂപീകരിച്ചിട്ടുള്ള തീരദേശ ജാഗ്രത സമിതികളുമായി ചേർന്ന് ബോധവൽകരണ പരിപാടികളും നടത്തി വരുന്നുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും ലഹരി കടത്തുമായി ബന്ധപ്പെട്ട വിവരശേഖരണവും പരിശോധനകളും കാര്യക്ഷമമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ